രജിസ്ട്രാർ ബാങ്ക് അധികാരികൾക്ക് താക്കീത് നൽകുകയും ശേഷിച്ച ഒഴിവുകളിൽ രജിസ്ട്രാർ നിർദ്ദേശിച്ച തത്വങ്ങൾക്ക് വിധേയമായി മാത്രം നിയമനം നടത്താൻ ആവശ്യപ്പെടുകയുമുണ്ടായി. അതിനുശേഷം നടന്ന നിയമനങ്ങളെ സംബന്ധിച്ചും ആരോപണങ്ങൾ ഉണ്ട്. അവയേപ്പറ്റി അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനിടെ കണ്ണൂർ ജില്ലാ സഹകരണ ബാങ്കിലേയും പാലക്കാട് ജില്ലാസഹകരണ ബാങ്കിലേയും നിയമനങ്ങളെക്കുറിച്ച് കിട്ടിയ പരാതികളിൻമേലും രജിസ്ട്രാർ അന്വേഷണനടപടികൾ ആരംഭിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടുകൾ കിട്ടുന്നതോടെ നടപടികൾ കൈക്കൊള്ളാമെന്ന് രജിസ്ട്രാർ സമ്മതിച്ചിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ ട്യൂഷൻ

*325. [342] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ ട്യൂഷൻ നൽകുന്നതിനുള്ള നടപടി തുടരുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സ്പെഷ്യൽ ട്യൂഷൻ ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും കൂടി നൽകുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദു കോയ):

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) ഈ സ്പെഷ്യൽ ട്യൂഷൻ ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും കൂടി നൽകുവാൻ ഇപ്പോൾ നിർവ്വാഹമില്ല.

കേന്ദ്ര ഗവൺമെൻറിൻെറ സാക്ഷരതാ പ്രചരണപരിപാടി

*326 [343] ശ്രീ. പി. കെ. ശങ്കരൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെൻറിൻെറ സാക്ഷരതാ പ്രചരണ പരിപാടി നടപ്പിൽ വരുത്തുന്നതിന് സംസ്ഥാന ഗവൺമെൻറിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര സംഖ്യ ലഭിച്ചു; അതിലെത്ര ചിലവാക്കി;

(ബി) ഈ വർഷം ഈ ഇനത്തിൽ കേന്ദ്ര സഹായമായി എത്ര സംഖ്യ പ്രതീക്ഷിക്കുന്നുണ്ട്; സംസ്ഥാന ഗവൺമെൻറ് ഈ ഇനത്തിൽ വല്ല സംഖ്യയും ചിലവഴിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന് ഈ വർഷത്തിൽ ബഡ്ജറ്റിൽ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ;

(സി) ഈ സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിൽ വരുത്തുന്ന ഏജൻസികൾ ഏതെല്ലാം;

(ഡി) കലാ-സാംസ്കാരിക സംഘടനകൾ, ഗ്രന്ഥശാലകൾ, സാമൂഹ്യസംഘടനകൾ, ട്രേഡ് യൂണിയനുകൾ തുടങ്ങിയ ബഹുജന സംഘടനകളെകൂടി പങ്കെടുപ്പിച്ച് ഈ പദ്ധതി വിജയിപ്പിക്കുവാനുള്ള നടപടികൾ എടുക്കുവാൻ ഗവൺമെൻറ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly